LIBRARY ARCHIVES Kerala Legislative Assembly

(4) റോഡ് വികസനം

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ സഭയിലെ മഹാഭ്രൂരിപക്ഷം അംഗങ്ങളും കോട്ടയത്തുനിന്നും മൂവാറ്റുപുഴ വഴി വരുന്ന എം.സി. റോഡിലൂടെ യാത്ര ചെയ്തിട്ടുള്ളവരായിരിക്കും. അതിൽ ഏറ്റവും ദുർഘടമായത് കുത്താട്ടുകുളത്തുനിന്നും മൂവാറ്റുപുഴ വരെയുള്ള അങ്ങേയറ്റം കയറ്റവും വളവുകളുമൊക്കെയുള്ള ഒരു പ്രദേശമാണ്. അതിന് പാരലലായി കുത്താട്ടുകുളത്തുനിന്നും മൂവാറ്റുപുഴയ്ക്ക് നേരിട്ട് വളവും കയറ്റവുമൊന്നുമില്ലാതെ വളരെ നല്ലൊരു പാത നിർമ്മിക്കുന്നതിനുള്ള പദ്ധതി 1993-ൽ ആരംഭിച്ചതാണ്. 20 കിലോമീറ്റർ റോഡിനുള്ള പ്രൊപ്പോസലായിരുന്നു; മൂന്ന് കിലോമീറ്റർ ദൂരത്തിൽ കുറവുമുണ്ട്. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ 1996-ൽ ആദ്യത്തെ ഗഡുവായി മൂന്നരക്കോടി രൂപ അനുവദിച്ചു. സ്ഥലം അക്വയർ ചെയ്യുന്നതിനായി മൂന്ന് ദശാബ്ദങ്ങൾക്കു മുൻപ് 20 മീറ്ററിൽ കല്ലിട്ടിട്ടുമുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 25 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുകയുപയോഗിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്തതാണ്. എന്നാൽ ഇപ്പോൾ ആ പദ്ധതി കൂടുതൽ മുന്നോട്ടുപോയതായി കാണുന്നില്ല. അതുമായി ബന്ധപ്പെട്ട് സർക്കാർ എന്താണ് തീരുമാനിച്ചിട്ടുള്ളത്? അത് ഏറ്റവും ഐഡിയലായിട്ടുള്ള, വികസനമെന്നതിലുപരി ഏറ്റവും നല്ല ഒരു റോഡായിരിക്കും. ഏറ്റവും കൂടുതൽ അപകടം നടക്കുന്ന ഒരു സ്ഥലമാണ് കുത്താട്ടുകുളത്തുനിന്നും മൂവാറ്റുപുഴ വരെയുള്ള എം.സി. റോഡ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി മുന്നോട്ട് കൊണ്ടുപോകേണ്ട മൂന്ന് ദശാബ്ദമായി കാത്തിരിക്കുന്ന ഒരു പദ്ധതിയാണിത്. ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനമെന്താണെന്ന് അറിയിക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ചത് മൂവാറ്റുപുഴ-കുത്താട്ടുകുളം റോഡ് വികസനവുമായി ബന്ധപ്പെട്ട വിഷയമാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 25 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 487.22 കോടി രൂപയുടെ ഡി.പി.ആർ. 27-1-2021-ൽ കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബി സ്ഥലപരിശോധന നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ട്. സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രസ്തുത വസ്തുതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവർത്തിയാണ് ഇപ്പോൾ നടക്കുന്നത്. പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി നേടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിലെ എം.എൽ.എ.-മാർ പങ്കെടുത്ത യോഗത്തിൽ ചില

കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത യോഗത്തിൽ എം.എൽ.എ.-യുൾപ്പെടെ ഞാനും പങ്കെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ സംബന്ധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിച്ച് മുന്നോട്ട് പോകാവുന്നതാണ്. പദ്ധതി വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും.

(5) പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ദേശീയപാത 544-ൽ പുതുക്കാട് ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള അടിപ്പാതയുടെ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല. ദേശീയപാത നാലുവരി പാതയാക്കി മാറ്റി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ട് 9 വർഷത്തോളമായി. ഇതിനോട് അനുബന്ധിച്ചുള്ള സർവ്വീസ് റോഡുകൾ, ഡ്രെയിനേജുകൾ, സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല. ജംഗ്ഷനിലെ അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് 5 കോടി രൂപയിലധികം ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി അനുവദിച്ചു നൽകിയിട്ടുമുണ്ട്. ഇതുയൊക്കെയായിട്ടും അടിപ്പാതയുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി യോഗങ്ങൾ ഇതിന്റെ ഭാഗമായി നേരത്തെ നടന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. പുതുക്കാട് നിയോജകമണ്ഡലത്തിന്റെ ആസ്ഥാനം കൂടിയാണ് പുതുക്കാട് ജംഗ്ഷൻ. താലൂക്ക് ആശുപത്രി, കൊടകര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, പുതുക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ്, പുതുക്കാട് ടൗൺ സഹകരണ ബാങ്ക്, പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക്, പ്രജ്യോതി നികേതൻ കോളേജ്, സെന്റ് ആന്റണീസ് സ്കൂൾ, ഗവൺമെന്റ് ഹൈസ്കൂൾ തുടങ്ങി നിരവധി സ്ഥാപനങ്ങളും സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, കുറുമാലിക്കാവ് ഭഗവതി ക്ഷേത്രം തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കടക്കുന്നുണ്ട്. അതിന്റെ ഭാഗമായി നിരവധി അപകടങ്ങൾ നടന്നതും ജീവനുകൾ പൊലിഞ്ഞുപോയതുമായ ഒരു പ്രദേശവുമാണ് പുതുക്കാട് ജംഗ്ഷൻ. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും അപകടമരണങ്ങൾ ഒഴിവാക്കുന്നതിനുംവേണ്ടി ഈ അടിപ്പാത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. കെ. കെ. രാമചന്ദ്രൻ ഉന്നയിച്ച വിഷയം അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം നടത്തേണ്ട നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നൽകുന്ന വിശദീകരണം അനുസരിച്ച്, ഭൂമി ഏറ്റെടുക്കാനുണ്ടായ കാലതാമസം കാരണം പുതുക്കാട് അണ്ടർപ്പാസ്സിന്റെ പ്രവൃത്തികൾ നേരത്തെ ഏറ്റെടുത്തിട്ടില്ലായിരുന്നു. നിലവിൽ തൃശ്ശൂർ-അങ്കമാലി റോഡ് ആറുവരിപ്പാതയാക്കുന്നതിനുള്ള ഡി.പി.ആർ.

LIBRARY ARCHIVES Kerala Legislative Assembly